തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില എന്നീ 25 വിളകളെ ഉൾപ്പെടുത്തിയിരിക്കുന്നു. അതുപോലെ ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ നെല്ല്, വാഴ, മരിച്ചീനി, ഇഞ്ചി, മഞ്ഞൾ, കൈതച്ചക്ക എന്നീ 6 വിളകളെയും ഉൾപ്പെടുത്തിയിരിക്കുന്നു. സംസ്ഥാന ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ വിളകൾക്കുണ്ടാകുന്ന പൂർണ്ണ നാശത്തിന് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ നഷ്ടപരിഹാരം നൽകുന്നു. അതുപോലെ ദേശീയ ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ ശരാശരി ഉല്പാദനവുമായി താരതമ്യം ചെയ്യുമ്പോൾ ഒരു സീസണിൽ പ്രഖ്യാപിത പ്രദേശത്ത് വിളയുടെ ഉല്പാദനത്തിലുണ്ടാകുന്ന കുറവിനേയും കർഷകർ അവരുടെ വിള ഇൻഷർ ചെയ്തിരിക്കുന്ന തുകയേയും ആശ്രയിച്ച് നഷ്ടപരിഹാരം നൽകി വരുന്നു.

(ബി) ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിക്കുന്നതിനുള്ള ഒരു നിർദ്ദേശം കേന്ദ്ര സർക്കാർ പരിഗണിച്ചു വരികയാണ്. പ്രസ്തുത നിർദ്ദേശത്തിൻമേലുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

റബ്ബർ മരങ്ങളുടെ പട്ട മരവിപ്പ് രോഗം

7 (*26) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. സുധാകരൻ :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ മരങ്ങളുടെ പട്ട മരവിപ്പ് രോഗം വ്യാപകമായി വരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത രോഗത്തിന് പ്രതിവിധി കാണുവാൻ കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ ;

(സി) ഇക്കാര്യത്തിൽ കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും എന്തെല്ലാം ഗവേഷണങ്ങൾ നടത്തി;

(ഡി) ഇക്കാര്യത്തിൽ ഗവേഷണം നടത്തുന്നതിനായി കാർഷിക സർവ്വകലാശാല എത്ര തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഇ) കാർഷിക സർവ്വകലാശാലയ്ക്ക് ഇതിന് ഫലപ്രദമായ പരിഹാരം കണ്ടെത്താൻ കഴിഞ്ഞുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) റബ്ബർ ബോർഡാണ് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നത്. കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന ക്ലാസ്സുകളിലും ചർച്ചകളിലും പട്ട മരവിപ്പ് നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ശിപാർശ ചെയ്യാറുണ്ട്. കൃഷി വകുപ്പ് റബ്ബർ കൃഷിയെ സംബന്ധിച്ച് ഒരു റിസർച്ചും നടത്തുന്നില്ല.

(സി) കാർഷിക സർവ്വകലാശാലയോ കൃഷി വകുപ്പോ റബ്ബർ വിളകളിൽ യാതൊരു ഗവേഷണവും നടത്തുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) റബ്ബർ ബോർഡാണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നത്.

കൈത്തറി വ്യവസായ മേഖലയിലെ പ്രതിസന്ധി

8 (*27) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി രംഗത്ത് വികസന മുരടിപ്പും തൊഴിലില്ലായ്മയും നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ കൈത്തറി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) കേന്ദ്ര സഹായ പദ്ധതിയുടെ ഗുണഫലം കേരളത്തിൽ ലഭ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ യഥാസമയം സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) കൈത്തറി സഹകരണ സംഘങ്ങളെ തകർച്ചയിൽനിന്നും രക്ഷിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ കൈത്തറി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് കൂടുതൽ കൈത്തറി നെയ്ത്തുകാർ കേന്ദ്രീകരിച്ചിട്ടുള്ള തിരുവനന്തപുരം ജില്ലയിൽ 4000 നെയ്ത്തുകാർക്ക് ഗുണകരമാകുന്ന 14.64 കോടി രൂപയുടെ 'തനിമ' പദ്ധതിയും കണ്ണൂർ ജില്ലയിൽ 3000 നെയ്ത്തുകാർക്ക് ഗുണകരമാകുന്ന 11.06 കോടി രൂപയുടെ 'കൃതിക' പദ്ധതിയും കേന്ദ്ര ഗ്രാമീണ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly